01.01.2012 മുതൽ 28.01.2015 വരെയുള്ള കാലയളവിലെ വിജ്ഞാപന പ്രകാരമുള്ള അപേക്ഷകൾ ന്യൂനതയുള്ള ഫോട്ടോ ചേർത്ത് അപേക്ഷ സമർപ്പിച്ചുപോയ (ഫോട്ടോയുടെ താഴെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്താത്തതു ഉൾപ്പെടെ) ഉദ്യോഗാർത്ഥികൾക്ക് ടി ന്യൂനത പരിഹരിക്കുന്നതിനായി 01.03.2017 മുതൽ 15.04.2017 വരെ 45 ദിവസത്തെ സമയം നൽകുന്നു. ഇതിനായി OTR പ്രൊഫൈലിൽ One Time Settlement (OTS) ലിങ്കിൽ കൂടി തന്നെയായിരിക്കണം ന്യൂനതയില്ലാത്ത ഫോട്ടോ ചേർക്കേണ്ടത്. അല്ലാതെ ചേർക്കുന്നവ ഈ പ്രഖ്യാപനപ്രകാരമുള്ള ഇളവിന് പരിഗണിക്കുന്നതല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഉദ്യോഗാർത്ഥികൾ ലോഗിൻ ചെയ്യുമ്പോൾ തന്നെ അവരുടെ പ്രൊഫൈലിൽ One Time Settlement (OTS) ചെയ്യുന്നതിനുള്ള ലിങ്ക് ദൃശ്യമാകും. പ്രസ്തുത ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ 01.01.2012 മുതൽ 28.01.2015 വരെയുള്ള കാലയളവിൽ ഉദ്യോഗാർത്ഥി സമർപ്പിച്ച അപേക്ഷകളുമായി ബന്ധപ്പെട്ട ഫോട്ടോകൾ സ്ക്രീനിൽ ദൃശ്യമാകും. ദൃശ്യമാകുന്ന ഫോട്ടോകളിൽ പേരും തീയതിയും രേഖപ്പെടുത്താത്തതും വ്യക്തമല്ലാത്തതും ആയ ഫോട്ടോകൾക്കു നേരെ പേരും തീയതിയും രേഖപ്പെടുത്തിയ നിർദ്ദിഷ്ട ഫോർമാറ്റിലുള്ള വ്യക്തമായ ഫോട്ടോ അപ്‌ലോഡ് ചെയ്യണം. യാതൊരു തകരാറും ഇല്ലാത്ത ഫോട്ടോകൾ ഈ സൗകര്യം ഉപയോഗിച്ച് മാറ്റേണ്ടതില്ല.

IMPORTANT: One Time Settlement (OTS) ഉപയോഗിച്ച് അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകൾ ഭാവിയിൽ സമർപ്പിക്കുന്ന അപേക്ഷകൾക്ക് പരിഗണിക്കപ്പെടുകയില്ല. ആയതിനാൽ നിലവിൽ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള ഏറ്റവും പുതിയ ഫോട്ടോ തകരാറുകൾ ഉള്ളതാണെങ്കിൽ അതുകൂടി പ്രൊഫൈലിൽ നൽകിയിട്ടുള്ള 'Change Photograph' ലിങ്ക് ക്ലിക്ക് ചെയ്ത് പേരും തീയതിയും രേഖപ്പെടുത്തിയ നിർദ്ദിഷ്ട ഫോർമാറ്റിലുള്ള വ്യക്തമായ ഫോട്ടോ അപ്‌ലോഡ് ചെയ്ത് പരിഹരിക്കേണ്ടതാണ്.